Allied Mortgage Services 0247 745 8888 MORTGAGES
Ayurveda Natural Medicine പ്രകൃതിദത്ത പച്ചമരുന്ന് വൈദ്യശാല We Provide Treatment For DIABETES Call for appointments 07501866844

ഭാഷാ സ്നേഹസംഗമം – ലണ്ടൻ ബുക്ക് ഫെയർ

15 May, 2017, 6:08 am by News Desk 1

കാരൂർ സോമൻ ചാരുംമൂട്

അമൃത് പാനം ചെയ്യുന്നതു പോലെയാണ് പുസ്തകവായന. അത് ജീവിതം നമ്മെ പഠിപ്പിക്കുന്നു. ഉത്തേജിപ്പിക്കുന്നു. അതിന് അതിർവരമ്പുകളില്ല, കാലദേശങ്ങളുടെയും സംസ്ക്കാരങ്ങളുടെയും വ്യതിയാനമില്ല. വായനയിൽ ലോകത്ത് ഏറ്റവും മുന്നിൽ നില്ക്കുന്നവരാണ് ബ്രിട്ടീഷുകാർ. വായിക്കാത്തവർ വായന മരിക്കുന്നു എന്നു മുറവിളികൾക്കിയിൽ ലണ്ടൻ ബുക്ക് ഫെയറിൽ സൂചി കുത്താൻ ഇടമില്ലാത്തവിധം തിരക്കേറിയ ഭാഷാസ്നേഹികളുടെ , സാഹിത്യാരാധകരുടെ സംഗമത്തിന്റെ അപൂർവ്വ കാഴ്ചയായിരുന്നു മാർച്ച് 14-16 തീയതികളിൽ ഒളിംബിയ – ലണ്ടനിൽ കണ്ടത്. 46 വർഷം പിന്നിടുന്ന ലണ്ടൻ ബുക്ക് ഫെയറിൽ ഈ വർഷവും സാധാരണ സന്ദർശകരെ കൂടാതെ 25,000 പേർ പ്രമുഖ പ്രസാദക രംഗത്ത്നിന്നും 118 രാജ്യങ്ങളിൽ നിന്ന് വന്നു എന്നുള്ളതാണ്. അതിൽ എഴുത്തുകാരുമുണ്ട്. ലോകത്തെ പ്രമുഖ 300ലധികം പ്രസാദകർ/എക്സിബിറ്റേഴ്സ് 30 വലിയ പവിലിയനുകളിലായി ഇതിൽ പങ്കെടുത്തു. ആയിരക്കണക്കിന് പുസ്തകങ്ങൾ ലഭ്യമാകുന്ന ഇവിടം സാഹിത്യ ലോകത്തെ അക്ഷരഖനിയാണ്. പുസ്തക ലോകം ഇവിടെ സമ്മേളിക്കുന്നു. അക്ഷരങ്ങൾ ആനന്ദനൃത്തമാടുന്നു. വായന ഒരു സൃഷ്ടിയായി മാറുന്നു. ഈ മേളയിലേക്ക് ലോകത്തെ പ്രമുഖ സാഹിത്യകാരന്മാരായ റോഡി ഡോയൽ, മൈക്കൾ മോർപുർഗോ, പോളീഷ് എഴുത്തുകാരി ഒൽഗ റ്റോക്കർസിസുക്ക് മുതലായവർ പങ്കെടുത്തു.

1971 നവംബർ അഞ്ചിന് ആരംഭിച്ച 'ദി സ്പെഷ്യലിസ്റ്റ് പബ്ലിഷേഴ്സ് എക്സിബിഷൻ ഫോർ ലൈബ്രേറിയൻസ്' (എസ്പിഇഎക്സ്) എന്ന മേളയാണ് പിൽക്കാലത്ത് ലോകത്തിലെ പ്രസാധകരുടെ കൂട്ടായ്മയ്ക്ക് കൂടി വേദിയായി മാറിയ ലണ്ടൻ പുസ്തകമേളയായത്. മിലിട്ടറി പുസ്തകങ്ങളുടെ പ്രസാധകരായിരുന്ന ലയണൽ ലെവൻതൽ എന്ന ഏജൻസിയായിരുന്നു ആദ്യകാലത്ത് ഇത് നടത്തിയിരുന്നത്. ആംസ് ആൻഡ് ആർമർ പ്രസ് എന്ന പേരിൽ 1966-ൽ ഏറ്റവും സജീവമായിരുന്ന പ്രസാധകരായിരുന്നു അവർ. ആദ്യകാലത്ത് പുസ്തകമേളയ്ക്ക് എത്തിയത് വെറും ഇരുപത്തിരണ്ട് പ്രസാധകർ മാത്രമായിരുന്നുവെങ്കിൽ ഇന്നത് കാൽ ലക്ഷത്തിനു മുകളിലാണ്. അഭൂതപൂർവ്വമായ വർധന !

ആദ്യ കാലങ്ങളിലൊന്നും ഈ പുസ്തകമേള അറിയപ്പെട്ടിരുന്നത് ലണ്ടൻ ബുക്ക് ഫെയർ എന്ന പേരിലേ ആയിരുന്നില്ല. അന്നൊക്കെ അത് സാഹിത്യകാരന്മാരുടെയും ലൈബ്രേറിയന്മാരുടെയും ചെറു സംഗമങ്ങൾ മാത്രമായിരുന്നു. പിന്നീട് പ്രസാധകന്മാരുടെ ബിസിനസ് ലോകമായി. ഇപ്പോൾ കാണുന്ന നിലയിലേക്ക് മാറിയിട്ട് കാൽ നൂറ്റാണ്ട് മാത്രം. ലണ്ടൻ ബുക്ക് ഫെയർ എന്നു മേളയ്ക്ക് പേരുമാറ്റുന്നത് 1977-ലാണ്. മേളയുടെ സംഘാടകരായിരുന്ന ലയണൽ 1985-ൽ ഇൻഡസ്ട്രിയൽ ആൻഡ് ട്രേഡ് ഫെയേഴ്സ് (പിന്നീടിത് റീഡ് എക്സിബിഷൻസ് എന്നു പേരു മാറ്റി) എന്ന ഏജൻസിയ്ക്ക് മേളയുടെ ഔദ്യോഗികമായ അവകാശം കൈമാറ്റം ചെയ്തു കൊടുത്തു. ആ വർഷം 520 പ്രസാധകരെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിച്ച് അവർ ലണ്ടൻ ബുക്ക് ഫെയർ കൊഴുപ്പിക്കുകയും ചെയ്തു. ക്രൈം, സയൻസ്, ഫിക്ഷൻ എന്നിവയുടെ അറിയപ്പെടുന്ന പ്രസാധകരായി മാറി ലണ്ടൻ ബുക്ക് ഫെയറുടെ സംഘാടക സ്ഥാനത്തു നിന്നും മാറിയ ലയണൽ പിന്നീട് ഗ്രീൻഹിൽ ബുക്സ് എന്ന പേരിൽ പ്രസാധകലോകത്ത് സജീവമായി.

ലണ്ടൻ ബുക്ക് ഫെയർ ലയണൽ നടത്തുന്ന കാലത്ത് 'സ്മോൾ ആൻഡ് സ്പെഷ്യലിസ്റ്റ് പബ്ലീഷേഴ്സ് എക്സിബിഷൻ' എന്നായിരുന്നു ഇതിന്റെ പേര്. ലൈബ്രറി അസോസിയേഷനുകളുടെ കൂട്ടായ്മ എന്ന നിലയിൽ പിന്നീട് ഇത് ഏറെ പ്രശസ്തിയാർജ്ജിച്ചു. ലണ്ടൻ ടൗൺ ലൈബ്രേറിയന്മാരായിരുന്നു ആദ്യ കാലത്ത് ഇതിൽ സംബന്ധിച്ചിരുന്നത്. അവർക്ക് വേണ്ടി ശിൽപ്പശാലയും സെമിനാറുകളും ഇതിൽ ഉൾപ്പെടുത്തിയിരുന്നു. ബ്ലൂംസ്ബെറി സെന്റർ ഹോട്ടലിലായിരുന്നു ഇത് വർഷങ്ങളോളം നടത്തിയിരുന്നത്. മേളയുടെ ആകാരവും വലിപ്പവും വർധിച്ചതോടെ, കൂടുതൽ സൗകര്യമുള്ള സ്ഥലങ്ങൾ തേടാൻ സംഘാടകർ നിർബന്ധിതരായി.

ഇപ്പോൾ ലോകത്തിലെ ഏറ്റവും മികച്ച പുസ്തകമേളയായി ലണ്ടൻ ബുക്ക് ഫെയർ മാറിയപ്പോൾ 25,000 പബ്ലീഷേഴ്സ്, അത്രത്തോളം തന്നെ വരുന്ന ബുക്ക് സെല്ലേഴ്സ്, അര ലക്ഷത്തോളം പോന്ന ലിറ്ററി ഏജന്റ്സ്, പതിനായിരക്കണക്കിന് ലൈബ്രേറിയൻസ്, മീഡിയ, ഇൻഡസ്ട്രി സപ്ലൈയേഴ്സ് തുടങ്ങി നൂറിലധികം രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ വരെ ഇവിടേക്ക് എത്തുന്നു. ഇക്കാലത്ത് ലണ്ടനിൽ ഹോട്ടലുകളിലൊന്നും തന്നെ മുറികൾ പോലും കിട്ടാനാവാത്ത സ്ഥിതിയാണ്. മൂന്നു ദിവസം നീളുന്ന മേളയുടെ സമീപപ്രദേശങ്ങളിലാണ് പലരും കിടന്നുറങ്ങുന്നതു പോലും. പുസ്തകത്തെ സ്നേഹിക്കുകയും മാറോടടുക്കി പിടിക്കുകയും ചെയ്യുന്ന ലണ്ടൻ നിവാസികൾക്ക് ലണ്ടൻ ബുക്ക് ഫെയർ ആഘോഷത്തിന്റെ രാവുകൾ കൂടിയാണ്. അവർ സ്നേഹിക്കുന്ന എഴുത്തുകാരെ നേരിൽ കാണാനും സംവദിക്കാനും ലഭിക്കുന്ന അപൂർവ്വാവസരം കൂടിയാണ്. ലണ്ടനിലെ പ്രശസ്ത മാധ്യമങ്ങളെല്ലാം തന്നെ ലണ്ടൻ ബുക്ക് ഫെയറിനോടു കാണിക്കുന്ന താത്പര്യം തന്നെ ഇതിനേറ്റവും വലിയ തെളിവാണ്.

ലണ്ടൻ ബുക്ക് ഫെയറിനു തൊട്ടു പിന്നിലുള്ളത് ജർമ്മനിയിലെ ഫ്രാങ്ക്ഫർട്ട് ബുക്ക് ഫെയറാണ്. യൂറോപ്യൻ പ്രസാധകരുടെ മെക്കയെന്നാണ് ലണ്ടൻ ബുക്ക് ഫെയർ ഇപ്പോൾ അറിയപ്പെടുന്നത്. തങ്ങളുടെ പുസ്തകത്തിന് അനുയോജ്യരായ വിതരണക്കാരെയും പ്രസാധകരെയും കണ്ടെത്താൻ പുതിയവരായ ധാരാളം എഴുത്തുകാരും മേളയിൽ പങ്കെടുക്കുന്നുണ്ട്. ഇതിനവരെ സഹായിക്കാൻ ലിറ്ററി ഏജന്റുമാരും ഒപ്പം അണിനിരക്കുന്നതോടെ, സാഹിത്യത്തിനും എഴുത്തിനും പ്രസിദ്ധീകരണത്തിനുമെല്ലാം കോടികൾ മറിയുന്ന വിപണന ലോകമായി ലണ്ടൻ മേള മാറുന്നു.

പുസ്തകമേള ഇന്നത്തെ നിലയിലേക്ക് പുനരവതരിച്ചത് 2005-ലാണെന്നു പറയാം. ലണ്ടനിലെ പ്രശസ്തമായ ഒളിമ്പിയ എക്സിബിഷൻ സെന്ററിലാണ് 2005-ൽ ലണ്ടൻ ബുക്ക് ഫെയർ സംഘടിപ്പിച്ചത്. ലണ്ടനിലെ ഡോക്്ലാൻഡ്സിൽ എക്സൽ എക്സിബിഷൻ സെന്ററിലാണ് തൊട്ടടുത്ത വർഷം മേള അരങ്ങേറിയത്. പിന്നീട് പടിഞ്ഞാറൻ ലണ്ടനിലെ ഏൾസ് കോർട്ട് എക്സിബിഷൻ സെന്ററിലേക്ക് മാറ്റി. തുടർന്ന് വർഷങ്ങളോളം ഇവിടെ തന്നെ മേള നടന്നു. ഇത്തവണ വീണ്ടും എൽബിഎഫ് (ലണ്ടൻ ബുക്ക് ഫെയർ) ഒളിമ്പിയ ലണ്ടനിൽ തന്നെ. ലണ്ടൻ ബുക്ക് ആൻഡ് സ്ക്രീൻ വീക്ക് എന്ന പേരിൽ ലണ്ടനിൽ ഉടനീളം വായനാവാരം നടക്കുന്ന അതേ ആഴ്ചയിൽ തന്നെയാണ് മേളയും നടക്കുന്നത്. രാവിലെ ഒമ്പതു മുതൽ രാത്രി എട്ടുമണി വരെ ഇവിടെ അക്ഷരക്കൂമ്പാരങ്ങൾക്ക് മുന്നിൽ സാഹിത്യാഭിരുചികൾ തപസ്സിരിക്കും.

സാഹിത്യ ലോകത്തിന് അതിരുകളില്ലെന്ന് ഉറക്കെ പ്രഖ്യാപിച്ചു കൊണ്ടാണ്് എല്ലാ വർഷവും മേളയ്ക്ക് തുടക്കമാവുക. ഭാഷയോ, രാജ്യമോ, സംസ്ക്കാരമോ എന്തിന് എഴുത്തിന്റെ രീതിയോ, വർഗ്ഗമോ പോലും ഇവിടെ പ്രശ്നമാവുന്നില്ല. ഇവിടെ എഴുത്ത്, വായന, ഇടപെടൽ എന്നിങ്ങനെ മൂന്നു കാര്യങ്ങൾ മാത്രമാണ് പൊതുവായി നടക്കുന്നത്. കായികം, ശാസ്ത്രം, സാങ്കേതികം, വൈജ്ഞാനികം, യാത്ര എന്നിവയടങ്ങിയ നോൺ ഫിക്ഷനുകൾക്ക് കൂടുതൽ വായനക്കാരുണ്ടെന്ന നിഗമനത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും എഴുത്തുകാരും പ്രസാധകരും ഇവിടെ തങ്ങളുടെ ഗ്രന്ഥശേഖരം കൊഴുപ്പിച്ചു കഴിഞ്ഞു.

യൂറോപ്യൻ വിരുദ്ധ നിലപാടെടുത്തിട്ടു കൂടി 2012-ൽ ചൈനീസ് പുസ്തക പ്രസാധകർക്ക് മേളയിൽ പ്രവേശനാനുമതി നൽകി കൊണ്ട് എൽബിഎഫ് ചരിത്രമെഴുതി. എന്നാൽ ആ വർഷം തന്നെ മേള വിവാദത്തിന്റെ കൊടുങ്കാറ്റിൽ ഉടക്കുകയും ചെയ്തു. ചൈനയിലെ സെൻസറിങ് ഏജൻസിയായ 'ജനറൽ അഡ്മിനിസ്ട്രേഷൻ ഓഫ് പ്രസ് ആൻഡ് പബ്ലിക്കേഷൻ' (ഗാപ്പ്) എന്ന ഏജൻസിയെ മേളയിൽ പങ്കെടുപ്പിച്ചതായിരുന്നു വിവാദം. അന്ന് നോബൽ സമ്മാനം നേടിയ ചൈനീസ് എഴുത്തുകാരൻ ഗാവോ സിൻജിയാനെ മേളയിലേക്ക് ക്ഷണിക്കാതിരുന്നതും പ്രശ്നമായി. തുടർന്ന് ബ്രിട്ടീഷ് ലൈബ്രറി കൗൺസിൽ ഇടപ്പെട്ടാണ് പ്രശ്നം ഒതുക്കിയത്. അതിനു കാരണക്കാരനായ എഴുത്തുകാരൻ മാ ജിയാൻ മേളയുടെ പ്രവേശനകവാടത്തിൽ ചുവന്ന പെയിന്റ് മുഖത്തടിച്ച് പ്രതിഷേധപ്രകടനം നടത്തുകയും ചെയ്തു. ചൈനയിൽ നിരോധിക്കപ്പെട്ട ബീജിങ് കോമ എന്ന തന്റെ പുസ്തകം മേളയിൽ നിന്ന് ഒഴിവാക്കിയെന്ന ആരോപണമായിരുന്നു ജിയാന്റേത്. ഇന്ന് ഇന്ത്യ അടക്കം ലോകമെമ്പാടുനിന്നും അറിവിനായി ആഗ്രഹിക്കുന്നവർ മേളയിലേക്ക് ഒഴുകിയിറങ്ങുന്നു. സാങ്കേതിക വിദ്യയിൽ നിർമ്മിക്കുന്ന ആഗോള ചലച്ചിത്രോത്സവങ്ങൾ നടത്തി പണമുണ്ടാകുന്നു. സാക്ഷരതയിൽ മുന്നിലാണെന്ന് പറയുന്നവർ സാങ്കേതികവിദ്യയിൽ നിർമ്മിക്കുന്ന ആഗോള ചലച്ചിത്ര ഉത്സവങ്ങൾ കേരളത്തിൽ നടത്തി സമ്പാദ്യം കൂട്ടുമ്പോൾ എന്തുകൊണ്ടാണ് ആഗോള ബുക്ക് ഫെയറിന്റെ സാധ്യതകൾ ആരായുന്നില്ല? ലാഭമാണ് ലക്ഷ്യമെങ്കിൽ മനുഷ്യന്റെ മാനസിക വളർച്ചയ്ക്ക് ഇന്ന് നടക്കുന്ന ചാനൽ – സംസ്കാരം ഗുണം ചെയ്യില്ല. വികസിത രാജ്യങ്ങളിലെ വായന സംസ്കാരം നമ്മിൽ വളരാതെ നമുക്ക് വളരാൻ പ്രയാസമാണ്. കുരിശിൽനിന്ന് കിരീടത്തിലേക്ക് പോകാൻ കാലമായിരിക്കുന്നു.

വാർത്തകളോട് പ്രതികരിക്കുന്നവർ അശ്ലീലവും അസഭ്യവും നിയമവിരുദ്ധവും അപകീർത്തികരവും സ്പർദ്ധ വളർത്തുന്നതുമായ പരാമർശങ്ങൾ ഒഴിവാക്കുക. വ്യക്തിപരമായ അധിക്ഷേപങ്ങൾ പാടില്ല. ഇത്തരം അഭിപ്രായങ്ങൾ സൈബർ നിയമപ്രകാരം ശിക്ഷാർഹമാണ് . വായനക്കാരുടെ അഭിപ്രായങ്ങൾ വായനക്കാരുടേതു മാത്രമാണ്, മലയാളം യുകെ യുടേത് അല്ല .

Comments

Leave a Reply

Your email address will not be published. Required fields are marked *

Comment

Name *

Email *

Save my name, email, and website in this browser for the next time I comment.

Post Comment

RECENT POSTS

റെക്സം കേരളാ കമ്മ്യൂണിറ്റിയുടെ ക്രിസ്മസ് ന്യൂ ഇയർ ആഘോഷവും മലയാളം പാട്ടുകുർബാനയും ഡിസംബർ 30,31തീയതികള...

ചെസ്റ്റർഫീൽഡ് മലയാളി കമ്മ്യൂണിറ്റിയുടെ നേതൃത്വത്തിൽ ക്രിസ്മസ് ഗാനം "അങ്ങ് ദൂരെ മാമലയിൽ "റിലീസ് ചെയ്ത...

ക്രിസ്തുമസിന് തട്ടിപ്പ് നടത്താൻ വട്ടം കൂടി കബളിപ്പിക്കൽ സംഘങ്ങൾ. തട്ടിപ്പ് സന്ദേശങ്ങൾ ലഭിച്ചവരിൽ ഒട്...

രാജ്യത്ത് മയക്കുമരുന്നിന്റെ ഉപയോഗം കുതിച്ചുയരുന്നു. ആഗോളതലത്തിൽ കൊക്കൈൻ ഉപയോഗത്തിൽ യു കെ രണ്ടാം സ്ഥാ...

ശത കോടീശ്വരനായ ഋഷി സുനകിന് സാധാരണ ജനതയുടെ ബുദ്ധിമുട്ടുകൾ മനസ്സിലാകുന്നില്ലേ ? കുടുംബാംഗങ്ങളെ യുകെയിൽ...

RELATED NEWS

ഇന്ന് ഫെബ്രുവരി 14... വാലൈൻറൻസ് ഡേ ...

പുഞ്ചിരിക്കുന്ന ദൈവം – രാജേഷ് ജോസഫ് എഴുതിയ ലേഖനം.

മാരിവില്ലിനഴകിൽ മഴവിൽ സംഗീതമൊരുങ്ങി; മഴവിൽ സംഗീതം ജൂൺ മൂന്നിന്; ഒരുക്കങ്ങൾ പൂർത്തിയായി

Copyright © 2023 . All rights reserved
GODADDY VERIFIED & SECURED